# കേരള പോലീസ്
# ഉച്ചഭാഷിണി ഉപയോഗിക്കുന്നതിനുള്ള ലൈസൻസ്

നോയിസ് പൊലൂഷൻ (റെഗുലേഷൻ ആക്ട് കൺട്രോൾ) റൂൾസ് 2000, 20–04–2002 ലെ കേരള ഗവൺമെന്റിന്റെ വിജ്ഞാപനം നമ്പർ എസ്.ആർ.ഒ. 289/2002 കേരള പോലീസ് ആക്ട് എന്നിവയിലെ നിയമ വ്യവസ്ഥകൾക്ക് വിധേയമായി ഉച്ചഭാഷിണി ഉപയോഗിക്കുന്നതിനുള്ള ലൈസൻസ്.

1. അപേക്ഷകന്റെ പേരും മേൽവിലാസവും:

2. ശ) ഉച്ചഭാഷിണി ഉപയോഗിക്കുന്ന സ്ഥലം :

   ശശ) തീയതിയും സമയവും :

   ശശശ) മേഖല (സോൺ) :

   ശ്) അനുവദിച്ചിരിക്കുന്ന ശബ്ദ പരിധി : ഡെസിബൽ

   ് ) ആംപ്ലിഫയറിൽ നിന്നും ഉച്ചഭാഷിണി ഘടിപ്പിച്ചിരിക്കുന്ന ദൂരപരിധി : മീറ്റർ

3. അനുവദിച്ചിട്ടുള്ള ഉച്ചഭാഷിണിയുടെ എണ്ണം :
4. വാഹനത്തിന്റെ വിവരങ്ങൾ :

## അനുമതി വ്യവസ്ഥകൾ

1. അടച്ചുകെട്ടിയുള്ള ഓഡിറ്റോറിയം, കോൺഫറൻസ് മുറികൾ, കമ്മ്യൂണിറ്റിഹാൾ, സദ്യാലയങ്ങൾ എന്നിവ ഒഴികെ മറ്റൊരിടത്തും രാത്രി 10 മണിക്കുശേഷവും രാവിലെ 6 മണിക്കു മുമ്പും ഉച്ചഭാഷിണി പ്രവർത്തിപ്പിക്കുവാൻ പാടില്ല.
2. ആശുപത്രികൾ, ആരാധനാലയങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കോടതികൾ, പബ്ലിക് ഓഫീസുകൾ, വന്യജീവി സങ്കേതം എന്നിവയുടെ 100 മീറ്റർ ചുറ്റളവിൽ ഉച്ചഭാഷിണി പ്രവർത്തിപ്പിക്കുവാൻ പാടുള്ളതല്ല.
3. ഓടിക്കൊണ്ടിരിക്കുന്ന വാഹനങ്ങളിൽ ഉച്ചഭാഷിണി പ്രവർത്തിപ്പിക്കരുത്.
4. ജനസഞ്ചാരമുള്ള പൊതുനിരത്തുകളിൽ ഗതാഗതത്തിന് അസൗകര്യം ഉണ്ടാക്കുന്ന രീതിയിലും പൊതുജനത്തിന് അരോചകവുമാകുന്ന വിധവും ഉച്ചഭാഷിണി പ്രവർത്തിപ്പിക്കുവാൻ പാടുള്ളതല്ല.
5. ബോക്സ് ആകൃതിയിലുള്ള ഉച്ചഭാഷിണി മാത്രമേ പ്രവർത്തിപ്പിക്കുവാൻ പാടുള്ളൂ. ഒരു ബോക്സിൽ രണ്ടിൽ കൂടുതൽ ഉച്ചഭാഷിണികൾ ഘടിപ്പിക്കുവാൻ പാടില്ല.
6. ഒരു വാഹനത്തിൽ രണ്ടിൽ കൂടുതൽ ബോക്സുകൾ ഘടിപ്പിക്കുവാൻ പാടില്ല.
7. പൊതുപരിപാടികൾക്ക് അനുവദിച്ചിരിക്കുന്ന ഉച്ചഭാഷിണികൾ ആ പരിപാടികളിൽ പങ്കെടുക്കുന്നവർ മാത്രം കേൾക്കത്തക്കവിധം ക്രമീകരിക്കേണ്ടതാണ്.
8. ഉച്ചഭാഷിണികൾ ആംപ്ളിഫയറിൽ നിന്നും 300 മീറ്ററിനപ്പുറം ഘടിപ്പിക്കുവാൻ പാടില്ല.
9. ഉച്ചഭാഷിണി പ്രവർത്തിക്കുമ്പോഴുണ്ടാകുന്ന ശബ്ദത്തിന്റെ തോത് താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ സൂചിപ്പിക്കുന്നതിൽ അധികമാകാൻ പാടില്ല.

| മേഖല | പകൽ | രാത്രി |
|---|---|---|
| വ്യവസായിക മേഖല | 75 ഡെസിബൽ | 70 ഡെസിബൽ |
| വാണിജ്യ മേഖല | 65 ഡെസിബൽ | 55 ഡെസിബൽ |
| ആവാസ മേഖല | 55 ഡെസിബൽ | 45 ഡെസിബൽ |

10. ഈ അനുമതിയുടെ അടിസ്ഥാനത്തിലുള്ള ഉച്ചഭാഷിണിയുടെ ഉപയോഗം ക്രമസമാധാന പ്രശ്നങ്ങൾക്ക് ഇടവരുത്തുമെന്ന് കൃത്യനിർവ്വഹണത്തിൽ ഏർപ്പെട്ടിരിക്കുന്ന സബ് ഇൻസ്പെ

ക്ടറുടെ റാങ്കിൽ കുറയാത്ത ഒരു പോലീസ് ഉദ്യോഗസ്ഥന് ബോധ്യമായാൽ ഉച്ചഭാഷിണിയുടെ പ്രവർത്തനം നിറുത്തിവയ്ക്കാൻ നിർദ്ദേശിക്കാവുന്നതാണ്. അപ്രകാരമുള്ള നിർദ്ദേശം അംഗീക രിച്ചില്ലെങ്കിൽ ഉച്ചഭാഷിണി പ്രവർത്തിക്കുന്നതിന് നൽകിയിട്ടുള്ള ലൈസൻസ് റദ്ദാക്കപ്പെട്ടതായി കരുതുകയും ഉച്ചഭാഷിണി, വാഹനം എന്നിവ കണ്ടുകെട്ടി മറ്റ് നിയമനടപടികൾ സ്വീകരിക്കുന്ന തുമാണ്.

11. ഈ ലൈസൻസ് പ്രകാരം ഉച്ചഭാഷിണി പ്രവർത്തിക്കുമ്പോൾ 'നോയ്സ് പൊലൂഷൻ' (റെഗു ലേഷൻ ആക്ട് കൺട്രോൾ റൂൾസ് 2000), 20-04-2002 ലെ കേരള ഗവൺമെന്റിന്റെ വിജ്ഞാ പനം നമ്പർ എസ്. ആർ. ഒ. 289/2002 കേരള പോലീസ് ആക്ട് എന്നിവയിലെ ഏതെങ്കിലും വ്യവസ്ഥകൾ ലംഘിക്കപ്പെടുകയാണെങ്കിൽ ലൈസൻസ് വാങ്ങിയിരിക്കുന്ന ആളും, ഉച്ചഭാ ഷിണി പ്രവർത്തിപ്പിക്കുന്ന ആളും, പരിപാടിയുടെ സംഘാടകരും ഉച്ചഭാഷിണി വാഹനത്തി ലാണ് ഘടിപ്പിച്ചിട്ടുള്ളതെങ്കിൽ അതിന്റെ ഡ്രൈവറും ശിക്ഷാർഹരായിരിക്കുന്നതാണ്.

സബ്ഡിവിഷണൽ പോലീസ് ഓഫീസർ

ജില്ലാ പോലീസ് സൂപ്രണ്ട്/പോലീസ് കമ്മീ

ഷണർ

സ്ഥലം:

തീയതി:

ഓഫീസ് സീൽ